**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 755** | **29.10.2019-ൽ മറുപടിക്ക്**

തേക്കടിയിൽ ഡി. ടി. പി. സി. ഫെസിലിറ്റേഷൻ സെന്റർ

| ചോദ്യം<br>ശ്രീമതി ഇ. എസ്. ബിജിമോൾ: | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) | പീരുമേട് നിയോജകമണ്ഡലത്തിൽ വനംവകുപ്പിന്റെ അധീനതയിലുള്ള തേക്കടി ആനവച്ചാലിൽ ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള പാർക്കിംഗ് ഗ്രൗണ്ടിൽ ഡി. ടി. പി. സി. ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | എ) & ബി) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലമായതിനാൽ, പെരിയാർ ടൈഗർ റിസർവിന് ആണ് (PTR) ഇതിന്റെ നിർമ്മാണ ചുമതലയുള്ളത്. പാർക്കിംഗ് ഏരിയായുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനും ഈ മേഖലയിൽ ടൂറിസ്റ്റ് ടാക്സി ഉടമകളുടെയും തൊഴിലാളികളുടെയും ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് വനം വകുപ്പാണ്. |
| ബി) | തേക്കടി വിനോദസഞ്ചാരമേഖലയിൽ വാഹന പാർക്കിംഗ് പരിഷ്കരണവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള അനിശ്ചിതത്വം മറികടന്ന് വിനോദസഞ്ചാരികൾക്ക് മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനും ഈ മേഖലയിൽ ടൂറിസ്റ്റ് ടാക്സി ഉടമകളുടെയും തൊഴിലാളികളുടെയും ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ